പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2203 07.03.2017 ൽ മറുപടിയ്ക്ക്

## അംഗപരിമിതരോടുള്ള നീതിനിഷേധം

ചോദ്യം

ശ്രീമതി.യു.പ്രതിഭ ഹരി

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് അംഗപരിമിതരായവർക്ക് സ്വാഭാവിക നീതി ലഭിക്കാതിരിക്കുന്നതും മനുഷ്യാവകാശം നിഷേധിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തു അംഗപരിമിതരായവരുടെ അവകാശ സംരക്ഷണത്തിനായി 1995 ൽ Persons with Disabilities Act (PWD Act) പാസ്സാക്കിയിട്ടുണ്ട്. ഈ ആക്റ്റിന്റെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന വികലാംഗ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. 1995 ലെ PWD Act അനുശാസിക്കുന്ന രീതിയിലുള്ള അവകാശാധികാരങ്ങൾ ഭിന്ന ശേഷിക്കാർക്കു നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ വികലാംഗ കമ്മീഷനെ ഇക്കാര്യം അറിയിച്ച് നീതി ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കാവുന്നതാണ് . |
| (ബി) സാമൂഹ്യ നീതിവകുപ്പിലെ 1284/SJ/N/M(H,FW & SJ)2016 അപേക്ഷയുടെ നിജസ്ഥിതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) പരിശോധിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കിയിട്ടുള്ളതെന്നും അപേക്ഷയുടെ ഉള്ളടക്കം എന്താണെന്നും വെളിപ്പെടുത്തുമോ; | (സി) അപേക്ഷകന്റെ വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകളും അംഗപരിമിത സർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. സർക്കാർ സർവീസിൽ ജോലി വേണമെന്നതാണ് ആവശ്യം |
| (ഡി) അപേക്ഷയിന്മേൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അന്തിമതീരുമാനം എടുത്തിട്ടുണ്ടോയെന്നും എങ്കിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടതെന്നും അറിയിക്കുമോ? | (ഡി) ടി അപേക്ഷയിൻ മേൽ സാമൂഹിക നീതി ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച റിപ്പോർട്ട് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ് |

സെക്ഷൻ ഓഫീസർ